# നമ്മുടെ ദൈവവും പിതാവുമായവന്റെ സകലവും അറിയുന്ന സർവ്വശക്തിയുള്ള അധികാരം.

സാക് പുന്നൻ

WFTW 09 മാർച്ച് 2014

വെളിപാട് 1:4 8 ൽ നാം വായിക്കുന്നത് യോഹന്നാൻ ആസ്യയിലെ ഏഴു സഭകൾക്കും എഴുതുന്നത്. ഇരിക്കുന്നവനും ഇരുന്നവനും വരുന്നവനുമായവങ്കൽ നിന്നും, അവന്റെ സിംഹാസനത്തിനു മുമ്പിലുള്ള ഏഴ് ആത്മാക്കളുടെ പക്കൽനി ന്നും വിശ്വസ്ത സാക്ഷിയും മരിച്ചവരിൽ ആദ്യജാതനും ഭൂരാജാക്കന്മാർക്ക് അധിപതിയും ആയ യേശുക്രിസ്തുവിങ്കൽ നിന്നും നിങ്ങൾക്ക് കൃപയും സമാധാനവും ഉണ്ടാകട്ടെ. നമ്മെ സ് നേഹിക്കുന്നവും നമ്മുടെ പാപം പോക്കി നമ്മെ രക്തത്താൽ വിടുവിച്ച് തന്റെ പിതാവായ ദൈവത്തിനു നമ്മെ രാജ്യവും പുരോഹിതന്മാരുമാക്കി തീർത്തവനുമായവന് എന്നന്നേക്കും മഹത്വവും ബലവും ആമേൻ ഇതാ അവൻ മേഘാരൂഢനായി വരുന്നു, ഏതു കണ്ണും അവനെ കുത്തിത്തുളച്ചവരും അവനെ കാണും, ഭൂമിയിലെ ഗോത്രങ്ങളൊക്കെയും അവനെച്ചൊല്ലി വിലപിക്കും ഉവ്വ്, ആമേൻ. ഞാൻ അൽഫയും ഒമേഗയും ആകുന്നു എന്ന് ഇരിക്കുന്നവനും ഇരുന്നവനും  വരുന്നവനുമായി സർവ്വശക്തിയുള്ള ദൈവമായ കർത്താവ് അരുളിച്ചെയ്യുന്നു.

ത്രിത്വത്തിൽ രണ്ടാമനായ യേശുക്രിസ്തു അനേകം പേരുകളാൽ സൂചിപ്പിക്കപ്പെടുന്നു. അവ ഓരോന്നായി നമുക്ക് നോക്കാം.(വെളി 1:5)

'വിശ്വസ്ത സാക്ഷി' എന്ന പേര് നമ്മുടെ കർത്താവ് താൻ നൽകിയിട്ടുള്ള വാഗ്ദത്തങ്ങളെ സംബന്ധിച്ച് പൂർണ്ണമായും വിശ്വാസയോഗ്യനാണെന്നു സൂചിപ്പിക്കുന്നു.

'മരിച്ചവരിൽ ആദ്യജാതൻ' എന്ന പേര് എന്നെന്നേക്കുമായി മരണത്തെ ജയിച്ച് കല്ലറവിട്ടു പുറത്തുവന്ന ആദ്യത്തെ മനുഷ്യൻ അവനാണെന്ന് സൂചിപ്പിക്കുന്നു. അവനു മുമ്പേ മരണത്തിൽ നിന്ന് ഉയർത്തപ്പെട്ട മറ്റുള്ളവരെല്ലാവരും വീണ്ടും മരിച്ചു. എന്നാൽ ഇപ്പോൾ, യേശു എന്നെന്നേക്കുമായി മരണത്തെ ജയിച്ചു, നാം ഇനി ഒരിക്കലും രോഗത്തെയോ മരണത്തെയോ ഭയപ്പെടേണ്ടതില്ല.

യേശുവിനെ 'ഭൂരാജാക്കന്മാർക്ക് അധിപതിയെന്നും' സൂചിപ്പിച്ചിട്ടുണ്ട്. നമ്മുടെ കർത്താവിന് സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള എല്ലാ അധികാരങ്ങളും നൽകപ്പെട്ടിരിക്കുന്നു.ഈ ഭൂമിയിലെ ഭരണാധികാരികളുടെ ഹൃദയങ്ങളെയും അവനാണ് നിയന്ത്രിക്കുന്നത്. രാജാക്കന്മാരുടെ ഹൃദയം യഹോവയുടെ കയ്യിൽ നീർത്തോടുകണക്കെ ഇരിക്കുന്നു തനിക്കിഷ്ടമുള്ളിടത്തേയ്ക്ക് അവൻ അതിനെ തിരിക്കുന്നു.(സദൃശ.21: 1)

നമ്മുടെ കർത്താവിനെ പിന്നീട് 'നമ്മെ എന്നും സ്നേഹിക്കുന്നവനും, നമ്മുടെ പാപം പോക്കി നമ്മെ തന്റെ രക്തത്താൽ എന്നേക്കുമായി പാപത്തിൽ നിന്നു വിടുവിച്ചവൻ എന്നും സൂചിപ്പിക്കുന്നു.( വാ 5. ആംപ്ലിഫൈഡ്) നമ്മോടുള്ള അവന്റെ സ്നേഹം എന്നേക്കും നിലനിൽക്കുന്നതാണ്. അവൻ തന്റെ രക്തം ചൊരിഞ്ഞത് നമ്മുടെ പാപം ക്ഷമിക്കാൻ വേണ്ടി മാത്രമല്ല എന്നാൽ എന്നേക്കുമായി നമ്മെ നമ്മുടെ പാപങ്ങളിൽ നിന്ന് സ്വതന്ത്രരാക്കാൻ കൂടെയാണ്. പുതിയനിയമത്തിലെ ആദ്യത്തെ വാഗദത്തം, യേശു 'തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്ന് രക്ഷിക്കും എന്നാണ്( മത്താ 1: 21). പാപത്തിന്റെ ശക്തിയിൽനിന്ന് സ്വതന്ത്രരാക്കുക എന്നതാണ് മുഴുവൻ പുതിയ നിയമത്തിലെയും വലിയ പ്രതിപാദ്യം. നാം കൃപയ്ക്കധീനരായാണ് ഇപ്പോൾ ജീവിക്കുന്നതെങ്കിൽ, പാപത്തിന് നമ്മുടെമേൽ കർതൃത്വം നടത്താൻ കഴിയുകയില്ല.(റോമ. 6:14)

വീണ്ടും നമ്മോട് പറയുന്നത് കർത്താവായ യേശു ' തന്റെ പിതാവായ ദൈവത്തിനു നമ്മെ രാജ്യവും പുരോഹിതന്മാരും ആക്കി തീർത്തു' എന്നാണ്. ദൈവത്തിന്റെ രാജ്യം എന്നത് ദൈവത്തിന്റെ പൂർണ്ണ അധികാരം നടപ്പാക്കപ്പെടുന്ന ഒരു തലമാണ്. സഭ എന്നത് ഭൂമിയിലെ 'ദൈവരാജ്യത്തിന്റെ' പ്രതിനിധീകരണമാണ് തങ്ങളുടെ ജീവിതത്തിലെ എല്ലാ മേഖലകളിലും ദൈവത്തിന്റെ അധികാരത്തിന് തങ്ങളെ സമർപ്പിച്ചതിനാൽ 'ഒരു രാജ്യമായി'ത്തീർന്ന ഒരു കൂട്ടം ആളുകൾ. കുത്തഴിഞ്ഞ ജീവിതമുള്ള ഒരു ജനത്തെ കർത്താവ് ക്രമമുള്ള

ഒരു രാജ്യമാക്കി മാറ്റി ഇപ്പോൾ അവർ ദൈവത്താൽ ഭരിക്കപ്പെടുന്ന ഒരു ജനമാണ്. നമ്മെ അവൻ പുരോഹിതന്മാരാക്കിത്തീർത്തു. ഓരോ വിശ്വാസികളും പുരുഷനോ സ്ത്രീയോ കർത്താവിനു പുരോഹിതന്മാരാക്കപ്പെട്ടവരാണ്. ദൈവത്തിന്റെ കണ്ണുകളിൽ സഭയിൽ പുരോഹിതന്മാർ എന്നു വിളിക്കപ്പെടുന്ന ഒരു പ്രത്യേകവിഭാഗം ആളുകൾ ആരുമില്ല. അത് ഒരു പഴയ നിയമ സങ്കല്പമാണ്. ഇങ്ങനെയുള്ള കാര്യങ്ങൾ ഇന്ന് ഏതെങ്കിലും സഭകളിൽ നില നില്ക്കുന്നുണ്ടെങ്കിൽ അത് ആളുകളെ ക്രിസ് തുവിനു മുമ്പുള്ള അവസ്ഥയിലേക്കു നയിക്കുന്നതാണ്!! നാം എല്ലാവരും പുരോഹിതന്മാരെന്ന നിലയിൽ യാഗം അർപ്പിക്കുവാനാണ് നാം വിഴിക്കപ്പെട്ടിരിക്കുന്നത്. പഴയ നിയമത്തിൽ അവർ മൃഗങ്ങളുടെ ഉടൽ അർപ്പിച്ചതു പോലെ, ഇന്ന് നാം നമ്മുടെ ശരീരത്തെ ജീവനുള്ള യാഗമായി അർപ്പിക്കുക. (റോമ12: 1)

അവന്റെ ദൈവവും പിതാവും എന്ന പദപ്രയോഗവും നിങ്ങളുടെ പിതാവും എന്റെ ദൈവവും നിങ്ങളുടെ ദൈവവും '(യോഹ 20: 17) എന്ന പദപ്രയോഗത്തോട് സാമ്യമുള്ളതാണ്. അവന്റെ പിതാവ് ഇപ്പോൾ നമ്മുടെ പിതാവ് കൂടി ആയിരിക്കുന്നു. യേശു തന്റെ സുരക്ഷിതത്വം പിതാവായ ദൈവത്തിൽ കണ്ടതുപോലെ ഇപ്പോൾ നമുക്ക് നമ്മുടെ സുരക്ഷിതത്വം പിതാവായ ദൈവത്തിൽ കാണാൻ കഴിയും. യോഹന്നാൻ അതിന് 'ആമേൻ' എന്നു പറയുന്നു (വാ.6) നമുക്കും പറയാം 'അത് അപ്രകാരം തന്നെ മഹത്വവും ബലവും എന്നെന്നേക്കും അവനു തന്നെ(വാ.6)

അപ്പോൾ 7മത്തെ വാക്യത്തിൽ ക്രിസ്തുവിന്റെ ഭൂമിയിലേക്കുള്ള മടങ്ങിവരവിനെക്കുറിച്ചു പ്രവചിക്കപ്പെടുന്നു. ഈ ലോകം നമ്മുടെ കർത്താവിനെ അവസാനം കണ്ടത് കാൽവരിയിലെ ക്രൂശിൽ അപമാനിതനായി തൂങ്ങിക്കിടക്കുമ്പോഴാണ്. എന്നാൽ ഈ ദിവസങ്ങളിൽ ഒന്നിൽ ഈ ലോകം അവനെ മേഘാരൂഢനായി തേജസിൽ വരുന്നതായി കാണും. എല്ലാ കണ്ണുകളും അവനെ കാണും. ഭൂമിയിലെ ഗോത്രങ്ങളൊക്കെയും അവൻ വരുമ്പോൾ അവനെചൊല്ലി വിലപിക്കും. എന്നാൽ നാം സന്തോഷിക്കും. വീണ്ടും യോഹന്നാൻ പറയുന്നു 'ആമേൻ' നാമും പറയുന്നു 'അത് അപ്രകാരം തന്നെ'

8 മത്തെ വാക്യത്തിൽ ദൈവം തന്നെ തന്നെ അൽഫയും ഒമേഗയും എന്നും എന്നേക്കും നിലനിൽക്കുന്ന സർവ്വശക്തിയുള്ള ദൈവം എന്നും സൂചിപ്പിക്കുന്നു. ആരംഭത്തിൽ ഒന്നും ഇല്ലാതിരുന്നപ്പോൾ അവൻ അവിടെ ഉണ്ടായിരുന്നു. കാലങ്ങളുടെ അവസാനത്തിലും അവൻ അവിടെ ഉണ്ടായിരിക്കും. എവിടെയായാലും, ഏതുസമയത്തായാലും ദൈവത്തെ അതിശയിപ്പിക്കുന്ന ഒരു കാര്യവും ഒരിക്കലും സംഭവിക്കാൻ കഴിയുകയില്ല. നമ്മുടെ പിതാവ് ആരംഭത്തിൽ തന്നെ അവസാനം അറിയുന്നവൻ മാത്രമല്ല സർവ്വശക്തിയുള്ള ദൈവമായി അവൻ എല്ലാ കാര്യങ്ങളെയും നിയന്ത്രിക്കുകയും ചെയ്യുന്നു. അതുകൊണ്ട് ഭാവിയെ സംബന്ധിച്ച് ഒരു ഭയവും നമുക്കുണ്ടാകേണ്ട ആവശ്യമില്ല.

വെളിപാട് പുസ്തകത്തിൽ അവസാനം വീണ്ടും ദൈവത്തെ സർവ്വശക്തനും, ആൽഫയും, ഒമേഗയുമായി സൂചിപ്പിച്ചിരിക്കുന്നു. (19 : 6; 22: 13) ഈ മുഴുവൻ പുസ്തകത്തെയും, നമ്മുടെ ദൈവവും പിതാവുമായവന്റെ സകലവും അറിയുന്ന, സർവ്വശക്തിയുള്ള അധികാരത്തെ സൂചിപ്പിക്കുന്നു. ഈ രണ്ടു പ്രസ് താവനകൾക്കിടയിൽ ആയി ചെലുത്തിയിരിക്കുന്നു. അവസാന നാളുകളിൽ ദൈവജനത്തിനു നേരിടേണ്ടിവരുന്ന ശോധനകളെയും, പീഢനങ്ങളെയും നമുക്കുചുറ്റുമുള്ള ലോകത്തിനു നേരിടേണ്ടിവരുന്ന ദുരന്തങ്ങളെയും കുറിച്ചു നാം വായിക്കുമ്പോൾ നമുക്ക് പൂർണ്ണ സുരക്ഷിതത്വം തരുന്നത് ഈ കാര്യമാണ്.

പുതിയ നിയമത്തിൽ മുഴുവനും കൂടി ദൈവത്തെ സർവ്വശക്തൻ എന്നു വിളിച്ചിരിക്കുന്നത് 10 പ്രവശ്യം മാത്രമാണ്. പത്തിൽ ഒൻപത് പരാമർശങ്ങളും വെളിപാടിലാണ്. അതിന്റെ കാരണം നാം ഈ പുസ്തകം വായിക്കുമ്പോൾ ദൈവം സർവ്വശക്തനും സകലത്തെയും നിയന്ത്രിക്കുന്നവനുമാണെന്ന് കാര്യത്തിൽ വേരൂന്നി അടിസ്ഥാനപ്പെട്ടവരായി തീരണം എന്ന് ദൈവം നമ്മെക്കുറിച്ചാഗ്രഹിക്കുന്നു. ആകെയുള്ള മറ്റെ പരാമർശം 2 കൊരി 6 : 17 ഉം 18 ഉം ആണ്. അവിടെ ദൈവം തന്റെ ജനത്തെ അശുദ്ധമായ എല്ലാത്തിൽ നിന്നും വിട്ടുപോരുവാനായി വിളിക്കുന്നു. ഇത് കാണിക്കുന്നത്, അശുദ്ധമായതും, തന്റെ വചനത്തിനു വിരുദ്ധമായതുമായ എല്ലാത്തിൽ നിന്നും വിട്ടുമാറാൻ ആഗ്രഹിക്കുന്നവർക്കു മാത്രമെ ദൈവം തന്നെതന്നെ സർവ്വശക്തനായ ദൈവമായി വെളിപ്പെടുത്തി കൊടുക്കുകയുള്ളൂ എന്നാണ്. അങ്ങനെയുള്ള ആളുകൾക്കുവേണ്ടിയാണ് പ്രാഥമികമായും വെളിപാട് പുസ്തകം എഴുതിപ്പെട്ടിരിക്കുന്നത്.

ഈ നാളുകളിൽ നമ്മുടെ കർത്താവിനെക്കുറിച്ചും അവനോടുള്ള നമ്മുടെ ബന്ധത്തെക്കുറിച്ചുമുള്ള കാര്യങ്ങളിൽ നാം കൂടുതൽ ഉറപ്പിക്കപ്പെടേണ്ട ചില മഹൽ സത്യങ്ങൾ.

1. നമ്മുടെ കർത്താവിന്റെ വാഗ്ദത്തങ്ങളുടെ പൂർണ്ണമായ വിശ്വാസ യോഗ്യത.

2. മനുഷ്യന്റെ ഏറ്റവും വലിയ ശത്രു(മരണം) വിന്റെ മേലുള്ള അവന്റെ ജയം.

3. സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള സകലത്തിന്മേലും അവനുള്ള പൂർണ്ണ അധികാരം.

4. അവന് നമ്മോടുള്ള നിത്യമായ മാറ്റമില്ലാത്ത സ്നേഹം.

5. അവൻ നമ്മെ പാപത്തിന്റെ ശക്തിയിൽ നിന്ന് വിടുവിച്ചത്.

6. അവന്റെ പിതാവ് ഇപ്പോൾ നമ്മുടെ പിതാവും ആയിത്തീർന്നിരിക്കുന്നു.

7. ഈ ഭൂമിയിൽ തന്റെ രാജ്യം സ്ഥാപിക്കാനായുള്ള അവന്റെ മടങ്ങി വരവ്.

വരുവാനുള്ള സമയങ്ങളിൽ നാം ചഞ്ചലപ്പെടാതെ ഉറച്ചു നില്ക്കണമെങ്കിൽ ഈ സത്യങ്ങളിൽ നാം വേരൂന്നി അടിസ്ഥാനപ്പെടേണ്ട ആവശ്യമുണ്ട്.

(മൊഴിമാറ്റം: സൂസമ്മ ജേക്കബ്, ആലപ്പുഴ)